**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6299** **10-07-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ മേജർ ഇറിഗേഷൻ വിഭാഗത്തിന്റെ ചുമതലയിൽ പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തിയുടെയും പരവൂർ - പൊഴിക്കര ബീച്ച് നവീകരണത്തിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) | കൊല്ലം താലൂക്കിൽ ഇത്തിക്കര ആറിലേയ്ക്കും പരവൂർ കായലിലേയ്ക്കും പ്രളയജലം മഴക്കാലത്ത് പരവൂർ പൊഴി വഴിയാണ് അറബിക്കടലിലേയ്ക്ക് ഒഴുകുന്നത്. നിലവിൽ പരവൂർ കായലിൽ രൂപംകൊണ്ടിട്ടുള്ള മണൽതിട്ട കാരണം ഇത്തിക്കരയാറിൽ നിന്നും പരവൂർ കായലിലേയ്ക്കും അവിടെ നിന്നും പരവൂർ പൊഴി വഴി അറബിക്കടലിലേയ്ക്കുമുള്ള സ്വാഭാവിക നീരൊഴുക്കിന് തടസ്സം നേരിട്ടിരിക്കുന്നതിനാൽ മണൽതിട്ട നീക്കം ചെയ്യുവാൻ കൊല്ലം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഉത്തരവിട്ടിട്ടുണ്ട്.<br><br>ടി മണൽതിട്ട നീക്കം ചെയ്യുന്നതിനായി മണ്ണിന്റെ ഘടനയും അളവും തരവും തിട്ടപ്പെടുത്തുന്നതിന് സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ മണ്ണിൽ ഉപ്പിന്റെ അംശം വളരെ കൂടുതലായതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ സാധിക്കുകയില്ലായെന്നും ഫില്ലിംഗ് മെറ്റീരിയലായി ഉപയോഗിക്കാവുന്നതാണെന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യുന്ന കാര്യത്തിൽ പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്.<br><br>ടൂറിസം ഫണ്ടുപയോഗിച്ചുള്ള പരവൂർ പൊഴിക്കര ബീച്ച് നവീകരണ പ്രവൃത്തിക്ക് 2.00 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതും 85 ശതമാനം പൂർത്തീകരിച്ചിട്ടുള്ളതും പ്രവൃത്തി നിലവിൽ ഫോർക്ലോസ് ചെയ്തിട്ടുള്ളതുമാണ്. ടി പ്രവൃത്തിക്കായി ഭരണാനുമതി ലഭിച്ച തുകയിൽ ബാക്കിയുള്ള തുകയ്ക്ക് ടി സ്ഥലത്തെ പ്രത്യേക സ്ഥിതി കണക്കിലെടുത്ത് ഇനി ചെയ്യേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് അനുമതിക്കായി ടൂറിസം വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പരവൂർ ചില്ലക്കൽ കടൽത്തീരം സംരക്ഷിക്കുന്നതിനായുള്ള 78 ലക്ഷം രൂപയുടെ | (ബി) | പരവൂർ ചില്ലയ്ക്കൽ കടൽത്തീരം സംരക്ഷിക്കുന്നതിനായുള്ള 70 ലക്ഷം രൂപയുടെ |

| | | | |
|---|---|---|---|
| | പ്രവൃത്തി നടപ്പിലാക്കാൻ വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ടോയെന്നും നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | | പ്രവൃത്തി കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ ആരംഭിക്കാത്തത് മൂലം ടി കരാർ റിസ്ക്ക് ആന്റ് കോസ്റ്റ്-ൽ ടെർമിനേറ്റ് ചെയ്തു. ടി പ്രവൃത്തി പലതവണ പുനർലേലം ചെയ്തുവെങ്കിലും ഇതുവരെ കരാറുകാർ ആരും തന്നെ ഏറ്റെടുത്തിട്ടില്ല. റീ ടെണ്ടർ നടത്തി കരാർ ഏറ്റെടുക്കുന്ന മുറക്ക് എത്രയും വേഗം പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ